പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 267** **22-06-2026-ൽ മറുപടിയ്ക്ക്**

**എ .ബി. സി. പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. സി. കെ. കാസിം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ ലക്ഷ്യമിട്ട എ.ബി.സി. പദ്ധതി പ്രകാരം തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** 20 എ.ബി.സി. സെന്ററുകളിലും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററിലും വന്ധ്യംകരണം, വാക്സിനേഷൻ എന്നിവ എല്ലാ ദിവസവും നടന്നുവരുന്നു. കൂടാതെ 7 പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്നതിന് അനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റ് മുഖേന നടപടി സ്വീകരിച്ചു വരുന്നു. ടി എ.ബി.സി. സെന്ററുകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് സ്ഥലം ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 30 മുതൽ 45 ദിവസം വരെ പോർട്ടബിൾ യൂണിറ്റുകളുടെ സേവനം നൽകുന്നതിനും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വലിയ തോതിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ഊർജ്ജിതപ്പെടുത്താനും നായ്ക്കളുടെ എണ്ണം കുറയ്ക്കുവാനും സാധിക്കുന്നതാണ്.

**(ബി)** പ്രസ്തുത പദ്ധതി എല്ലാ പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ;

**മറുപടി:** നിലവിൽ പ്രവർത്തിച്ചു വരുന്ന 21 എ. ബി.സി. സെന്ററുകളും ഭാവിയിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന മുറയ്ക്ക് നിലവിൽ എ.ബി.സി. സെന്റർ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും എ.ബി.സി. സെന്ററിന്റെ സേവനം ലഭിക്കുന്നതായിരിക്കും. ക്ലസ്റ്റർ ആരംഭിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൗൺസിൽ അംഗീകാരത്തോട് കൂടി ജില്ലാ പഞ്ചായത്തുകൾ മുഖേന എ.ബി.സി. നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(സി)** തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്ത് നിലവിൽ 20 എ.ബി.സി. സെന്ററുകളും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ വർക്ക്

പൂർത്തീകരിച്ചിട്ടുള്ളതും 10 പുതിയ എ.ബി.സി. സെന്ററുകളുടെ കൺസ്ട്രക്ഷൻ ആരംഭിച്ചിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 21 എ.ബി.സി. സെന്ററുകൾ മുഖേനയും പുതിയ പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്കും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്കും തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**